(ബി) പ്രസ്തുത കാലയളവിൽ സർവ്വീസിലിരുന്ന വികലാംഗ ഉദ്യോഗാർത്ഥികളെ പുനർനിയമനം നടത്തി സ്ഥിരപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ;

(സി) ഇവരെ എന്നത്തേക്ക് പുനർനിയമനം നടത്തി സ്ഥിരപ്പെടുത്താനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) 15-8-1998 മുതൽ 15-8-1999 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന 179 ദിവസം താൽക്കാലിക സർവ്വീസ് പൂർത്തിയാക്കിയ വികലാംഗ ജീവനക്കാർക്ക് പുനർനിയമനം നൽകി സ്ഥിരപ്പെടുത്തുന്ന കാര്യം മാത്രമേ തത്വത്തിൽ അംഗീകരിച്ചിട്ടുള്ളൂ. ഇതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

താൽക്കാലിക നിയമനം ലഭിച്ചവർക്ക് സ്ഥിരനിയമനം

54 [3062] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യലബ്ധിയുടെ അൻപതാം വാർഷികത്തോടനുബന്ധിച്ച് 1998 ആഗസ്റ്റ് 15 മുതൽ 1999 ആഗസ്റ്റ് 14 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സർക്കാർ സർവ്വീസിൽ താൽക്കാലിക നിയമനം ലഭിച്ച വികലാംഗർക്ക് സ്ഥിരനിയമനം നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) 15-8-1998 മുതൽ 15-8-1999 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന 179 ദിവസം സർവ്വീസ് പൂർത്തിയാക്കിയ വികലാംഗ ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകുന്ന കാര്യം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ഇവരുടെ കണക്ക് ശേഖരിക്കുകയും ചെയ്തു. ലഭ്യമായ കണക്കനുസരിച്ച് 536 പേർക്ക് ഈ ആനുകൂല്യം ലഭിക്കും. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ തുടർന്നു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly